**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - വയനാട് മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് - സ്ഥിരം കെട്ടിടത്തിലേക്ക് സാധന സാമഗ്രികൾ മാറ്റുന്നതിനുള്ള ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 1,10,000 ( ഒരു ലക്ഷത്തി പതിനായിരം രൂപ)രൂപക്കുള്ള ക്രയാനുമതിയും ഭരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ (സാധാ )നം. 2076/2018/ഉവിവ          തീയതി, തിരുവനന്തപുരം, 17.11.2018**

==========================================================

പരാമർശം: 1. 07.08.2017-ലെ ജി.ഒ(പി) നം. 102/2017/ഫിൻ നം ഉത്തരവ്

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.08.2018,ലെ ഡി4/23861/2018 നം. കത്ത്.

**ഉത്തരവ്**

2018 മെയ് 14 ന് ബഹു. മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത വയനാട് മേപ്പാടി ഗവൺമെന്റ് പോളിടെക്നികിന്റെ പുതിയ കെട്ടിടത്തിലേക്ക് സാധന സാമഗ്രികൾ പഴയ കെട്ടിടത്തിൽ നിന്ന് മാറ്റുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 1,10,000 ( ഒരു ലക്ഷത്തി പതിനായിരം രൂപ) ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം അംഗീകരിച്ചതായും അതിനാൽ 1,10,000 ( ഒരു ലക്ഷത്തി പതിനായിരം രൂപ) രൂപക്കുള്ള ക്രയാനുമതിയും ഭരണാനുമതിയും ഫണ്ടും നൽകണമെന്ന് സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ പരാമർശം (2)പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേപ്പാടി ഗവൺമെന്റ് പോളിടെക്നികിന്റെ പുതിയ കെട്ടിടത്തിലേക്ക് സാധന സാമഗ്രികൾ മാറ്റുന്നതിനുള്ള ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 1,10,000 ( ഒരു ലക്ഷത്തി പതിനായിരം രൂപ) രൂപക്കുള്ള ക്രയാനുമതിയും ഭരണാനുമതിയും ധനകാര്യവകുപ്പിന്റെ പരാമർശം ( 1 ) ഉത്തരവ് പ്രകാരം സാങ്കേതിക വിദ്യാഭ്യാസഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു. ഫണ്ട് റീലീസിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ശ്രീദേവി ഇ എസ്**

**അണ്ടർ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, മേപ്പാടി , വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ).

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Manoj M

**സെക്ഷൻ ഓഫീസർ**